"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ വിലങ്ങാട് ഉരുൾപൊട്ടലിനെ തുടർന്ന് കാർഷിക ഭൂമിയിൽ മണ്ണും സിൽറ്റും അടിഞ്ഞുകൂടിയ കർഷകർക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.146/2026/DMD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:- കോഴിക്കോട് ജില്ലാകളക്ടറുടെ 23.07.2025 ലെ DCKKD/8810/2025-F4 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ 30.07.2024 ന് തൂണേരി ബ്ലോക്കിലെ വാണിമേൽ കൃഷിഭവൻ പരിധിയിലുള്ള വിലങ്ങാട് വില്ലേജിൽ ഉണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് കാർഷിക ഭൂമിയിൽ മണ്ണും സിൽറ്റും അടിഞ്ഞുകൂടി കൃഷിയോഗ്യമല്ലാത്ത സാഹചര്യം ഉണ്ടായതായ കർഷകർക്ക് വാണിമേൽ കൃഷി ഓഫീസർ തയ്യാറാക്കിയ ക്ലെയിം സ്റ്റേറ്റ്മെന്റ് പ്രകാരം 2 ഹെക്ടറിന് താഴെ കൃഷിഭൂമി ഉള്ള 10 കർഷകർക്ക് 29,800/- രൂപയും 2 ഹെക്ടറിന് മുകളിൽ കൃഷിഭൂമി ഉള്ള 1 കർഷകന് 2,200/- രൂപയും എന്നിങ്ങനെ ആകെ ₹32,000/- (മുപ്പത്തി രണ്ട് ആയിരം രൂപ) SDRf ൽ നിന്ന് 2245-02-115-99 F — Assistance to farmers to clear salt and silt എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കോഴിക്കോട് ജില്ലാകളക്ടർ പരാമർശിത കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ വിലങ്ങാട് ഉരുൾപൊട്ടലിനെ തുടർന്ന് കാർഷിക ഭൂമിയിൽ മണ്ണും സിൽറ്റും അടിഞ്ഞുകൂടി കൃഷിയോഗ്യമല്ലാത്ത സാഹചര്യം ഉണ്ടായ കർഷകർക്ക് ധനസഹായം അനുവദിക്കുന്നതിന് ₹32,000/- (മുപ്പത്തി രണ്ട് ആയിരം രൂപ) 2245-02-115-99 F — Assistance to farmers to clear salt and silt എന്ന ശീർഷകത്തിൽ നിന്ന് കോഴിക്കോട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3) നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ

രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, കോഴിക്കോട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ് (Web and New Media)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 12-03-2026 16:10:48**
സെക്ഷൻ ഓഫീസർ